യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾക്കുടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രസ്തുത പദ്ധതി പ്രകാരം, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### കോവിഡ് രോഗബാധയും ചെറുകിട /ഇടത്തരം വ്യവസായങ്ങളും

126(3558) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം പ്രതിസന്ധിയിലായ ചെറുകിട - ഇടത്തരം വ്യവസായങ്ങളെ (എം.എസ്.എം.ഇ.) പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

കോവിഡ്-19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ മുൻവർഷം ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ

G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി.
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്.
3. മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്.
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത്.
5. KSIDC -യിൽ ടോപ് അപ് ലോണുകൾ
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം
8. KSIDC യും KINFRA യുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്
11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം
12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം
13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം
14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക്
15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്
16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്
17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കൂടാതെ, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(ബി) സ്റ്റാർട്ടപ്പുകൾ, ഓൺലൈൻ വിപണനം എന്നിവ വഴി ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നറിയിക്കാമോ?

എം.എസ്.എം.ഇ. സംരംഭങ്ങളുടെ ഓൺലൈൻ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ അന്തർദ്ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ അന്തർദേശീയ ബയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly